രണ്ടു രൂപയ്ക്ക് ഒരു കിലോ എന്ന തോതിൽ രാമറാവുവിന്റെ സർക്കാർ ജനങ്ങൾക്ക് അരി നൽകി. ഒന്നിന് എണ്ണായിരം രൂപവീതം ചെലവുചെയ്ത് എട്ടുലക്ഷം വീടുകൾ പാവങ്ങൾക്ക് പണിതുകൊടുത്തു. രാമറാവു വിളിക്കേണ്ട താമസം അഖിലേന്ത്യാ കോൺഗ്രസ്സിതര നേതാക്കൾ വിജയവാഡയിൽ പാഞ്ഞെത്തുന്നു. രാമറാവുവിനെ തെലുങ്കർ ആരാധിക്കുന്നതിൽ എന്തത്ഭുതം? അവരെ സംബന്ധിച്ചിടത്തോളം തെലുഗുദേശം പാർട്ടിയും രാമറാവും തമ്മിലൊരു വ്യത്യാസവുമില്ല.

പക്ഷേ, കോൺഗ്രസ്സിലെ ആഭ്യന്തര ജനാധിപത്യമില്ലായ്മയും ഏകാധിപത്യപ്രവണതകൾക്കും ഇത്തരം പാർട്ടിയാണോ പ്രതിവിധി? ആഭ്യന്തര ജനാധിപത്യത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഏതു പ്രതിപക്ഷപാർട്ടിയുടെ നിലയാണ് ഇതിനേക്കാൾ മെച്ചം?

തമ്മിൽ ഭേദം തൊമ്മൻ (കോൺഗ്രസ് പാർട്ടി) എന്നു ജനങ്ങൾ ചിന്തിച്ചുപോയാൽ അതിന് അവരെ കുററം പറയാമോ?

(4 ജൂൺ, 1988)

# 26. രാഷ്ട്രീയ മോർച്ച

ജനത, ലോക്ദൾ, കോൺഗ്രസ്—എസ്., തെലുഗുദേശം, ജനമോർച്ച, അസംഗണപരിഷത്ത്, ദ്രാവിഡമുന്നേററക്കഴകം എന്നീ ഏഴു പാർട്ടികളുടെ നേതാക്കൾ 1988 ആഗസ്റ്റ് 7—ാം തീയതി ഡൽഹിയിൽ സമ്മേളിച്ച് 'രാഷ്ട്രീയ മോർച്ച' എന്ന ദേശീയക്കൂട്ടുമുന്നണി രൂപവല്ക്കരിച്ചിരിക്കുന്നു. 'മോർച്ച'യുടെ ചെയർമാൻ എൻ. ടി. രാമറാവുവാണ്; കൺവീനർ വി. പി. സിംഹം. ഈ രണ്ടുപേർക്കും പുറമെ ദേവീലാൽ, അജിത്സിംഹ്, ബഹുഗുണ, ശരച്ചന്ദ്ര സിംഹ, പ്രഫുല്ലകുമാർ മഹന്ത, കരുണാനിധി, രാമകൃഷ്ണഹെഗ്ഡേ, ബിജു പട്ടനായക്, രാംധൻ എന്നീ വ്യത്യസ്ത പാർട്ടിനേതാക്കൾ അടങ്ങിയ ഒരു അദ്ധ്യക്ഷമണ്ഡലവും ബിജുപട്ടനായക് കൺവീനറായി ഒരു പ്രചാരണ (ക്യാംപെയ്ൻ) കമ്മിററിയും 'രാഷ്ട്രീയമോർച്ച'യ്ക്ക് ഉണ്ടാവും. സെപ്തംബർ 16—ാം തീയതി മദ്രാസ്സിൽവെച്ച് 'രാഷ്ട്രീയമോർച്ച' ഔപചാരികമായി ഉദ്ഘാടനംചെയ്യപ്പെട്ടു. കോൺഗ്രസ് പാർട്ടിയെ നിഷ്കാസനംചെയ്തു കേന്ദ്രഭരണം പിടിച്ചടക്കി ഇന്ത്യയിൽനിന്ന് അഴിമതിയും ദാരിദ്ര്യവും നിർമാർജനംചെയ്യുകയാണ് 'മോർച്ച'യുടെ പ്രഖ്യാപിതലക്ഷ്യം. അടുത്ത പൊതുതിരഞ്ഞെടുപ്പിൽ 'മോർച്ച' കോൺഗ്രസ്സിനെതിരായി എല്ലാ പാർലമെൻററി നിയോജകമണ്ഡലങ്ങളിലും സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കും. 'മോർച്ച'യുടെ ഘടകങ്ങളായ പാർട്ടികൾക്ക് അവയുടെ സ്വന്തം തിരഞ്ഞെടുപ്പു ചിഹ്നങ്ങൾ ഉണ്ടാവുമെങ്കിലും പ്രകടനപത്രിക (മാനിഫെസ്റ്റോ) ഒന്നായിരിക്കും. ബഹുകോണമത്സരം ഒഴിവാക്കി നേരിട്ടുള്ള മത്സരത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥികളെ തോല്പിക്കുകയാണ് 'മോർച്ച'യുടെ യുദ്ധതന്ത്രം. ഭൂരിപക്ഷം വോട്ടുനേടിയതുകൊണ്ടല്ല വോട്ടുകൾ ഭിന്നിച്ചുപോകയാൽ ന്യൂനപക്ഷം വോട്ടുകൾ നേടിയ സ്ഥാനാർത്ഥികളുടെ മുൻപന്തിയിൽ എത്തിയതുകൊണ്ടാണു മുമ്പൊക്കെ അധികം കോൺഗ്രസ് സ്ഥാനാർത്ഥികളും ജയിച്ചു നിയമസഭയിൽ എത്തിയിട്ടുള്ളത്. ഇതിനു മുമ്പുനടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനും എതിർകക്ഷികൾക്ക് ആകെയും കിട്ടിയ വോട്ടുകളുടെയും സീററുകളുടെയും ശതമാനം നോക്കുക:

### 1984—ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനും എതിർകക്ഷികൾക്ക് എല്ലാംകൂടിയും കിട്ടിയ വോട്ടുകളും സീററുകളും—ശതമാനക്കണക്കിൽ

| വോട്ട് | പാർലമെൻറ് | ബിഹാർ (1985) | ഗുജറാത്ത് | ഹരിയാണ (1987) | ഹിമാചൽ | മ:പ്ര: | ഉ:പ്ര: | മഹാരാഷ്ട്രം | രാജസ്ഥാൻ |
|---|---|---|---|---|---|---|---|---|---|
| കോൺഗ്രസ് | 49.7 | 39.3 | 55.5 | 29.3 | 55.5 | 48.5 | 42 | 41.6 | 45.2 |
| എതിർകക്ഷികൾ | 50.3 | 60.7 | 44.5 | 70.7 | 44.5 | 51.5 | 58 | 58.4 | 54.8 |
| സീററ്-കോൺഗ്രസ് | 78.6 | 59.3 | 81.9 | 5.7 | 80.9 | 78.1 | 63 | 56.2 | 56.5 |
| എതിർകക്ഷികൾ | 21.4 | 40.7 | 18.1 | 94.3 | 19.1 | 21.9 | 37 | 43.8 | 43.5 |

ഈ പട്ടികയിൽനിന്ന് 'രാജീവതരംഗം'പോലെ ശക്തിയേറിയ ഒരു മുന്നേററത്തിന്റെ കാലത്തുപോലും കോൺഗ്രസ്സിനു തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം വോട്ടുകൾ കിട്ടിയിരുന്നില്ലെന്നും രണ്ടു സ്ഥാനാർത്ഥികൾ മാത്രം മത്സരിക്കുന്ന നിയോജകമണ്ഡലങ്ങളിൽ കോൺഗ്രസ് സ്ഥാനാർത്ഥികൾ ജയിക്കാൻ അന്നും സാദ്ധ്യതയുണ്ടായിരുന്നില്ലെന്നും വ്യക്തമാവുന്നു. രാജീവതരംഗം ഇപ്പോൾ അടങ്ങിക്കഴിഞ്ഞിരിക്കുന്നു. പട്ടാളത്തിനുവേണ്ടിയും എണ്ണ—ഗ്യാസ് കോർപ്പറേഷനുവേണ്ടിയും നടത്തപ്പെട്ട ചില ഇടപാടുകളിൽ വൻതോതിൽ കോഴവാങ്ങുകയുണ്ടായെന്നും രാജീവഗാന്ധിക്കല്ലെങ്കിൽ അദ്ദേഹത്തോട് ഉററബന്ധമുള്ള ചിലർക്ക് ഈ ഇടപാടുകളിൽ പങ്കുണ്ടായിരുന്നു എന്നും ഇപ്പോൾ ഇന്ത്യയിൽ ഏറെക്കുറെ എല്ലാവരും വിശ്വസിക്കുന്നുണ്ട്. 'ഗലീഗലീമേം ശോർഹൈ, രാജീവഗാന്ധി ചോർഹൈ' (തെരുവിൽത്തെരുവിൽ ഘോഷം, രാജീവഗാന്ധി മോഷ്ടിച്ചിരിക്കുന്നു) എന്നതു് അടുത്ത തിരഞ്ഞെടുപ്പിൽ ഏററവുമധികം ഉറക്കെ മുഴങ്ങിക്കേൾക്കുന്ന മുദ്രാവാക്യമായിക്കൂടായ്കയില്ല. ഒപ്പം പഞ്ചാബ് പ്രശ്നവും സിലോൺ പ്രശ്നവുംപോലെയുള്ള ഊരാക്കുടുക്കുകളിൽനിന്നു രക്ഷപ്പെടാൻ കഴിയാത്തതും സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാവുന്നതും രാജീവഗാന്ധി ഗവണ്മെൻറിന്റെ പിടിപ്പുകേടായി വ്യാഖ്യാനിക്കപ്പെടുമെന്നതും നിസ്സംശയമാണ്. ഇക്കാരണങ്ങളാൽ ഒരു 'രാജീവവിരുദ്ധതരംഗം'തന്നെ അടുത്ത തിരഞ്ഞെടുപ്പുകാലത്തു രൂപംകൊണ്ടുകൂടായ്കയില്ല. അങ്ങനെവന്നാൽ ബഹുകോണമത്സരം ഒഴിവാക്കാൻ കഴിയുന്ന തോതിന് കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ 'രാഷ്ട്രീയ മോർച്ച'ക്കു കഴിഞ്ഞേക്കാം.

കേന്ദ്രഭരണം കോൺഗ്രസ് പാർട്ടിയിൽനിന്നു പിടിച്ചെടുക്കുക എന്ന ലക്ഷ്യം ഒരുപക്ഷേ 'രാഷ്ട്രീയ മോർച്ച' കൈവരിക്കാൻ സാദ്ധ്യതയുണ്ട്. എന്നാൽ, ജനാധിപത്യരീതിയിലുള്ള ഒരു ഭരണക്രമം ഇന്ത്യയിൽ സുസ്ഥാപിതമാക്കുകയെന്ന ലക്ഷ്യം 'രാഷ്ട്രീയ മോർച്ച'ക്കുണ്ടോ? ഉണ്ടെങ്കിൽ ആ ലക്ഷ്യം നേടാനുള്ള കഴിവ് ഈ നേതൃമുന്നണിക്ക് ഉണ്ടായിരിക്കുമോ?

ഒന്നാമതായി മനസ്സിലാക്കേണ്ടതു് 'രാഷ്ട്രീയ മോർച്ച' ഒരു 'പാർട്ടി' അല്ലെന്നതാണ്. സമാനമായ രാഷ്ട്രീയ തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ജനങ്ങൾ ചേർന്നു ഭരണം പിടിച്ചടക്കാനും നടത്താനും ഉദ്ദേശിച്ച് ഉണ്ടാക്കിയ സംഘടനയാണു പാർട്ടി. ജനാധിപത്യവ്യവസ്ഥിതിയിൽ പാർട്ടികൾക്ക് ജനാധിപത്യപരമായ സംവിധാനം ഉണ്ടായിരിക്കണം. പാർട്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ വിശ്വസിക്കുന്ന ആർക്കും നിശ്ചിത വ്യവസ്ഥകൾക്കു വിധേയമായി അതിൽ അംഗമായിച്ചേരാനും തിരഞ്ഞെടുപ്പുകളിലൂടെ അതിന്റെ പരമാധികാരസ്ഥാപനങ്ങളിലെത്താനും കഴിയണം.

'രാഷ്ട്രീയ മോർച്ച'യുടെ ഘടന ഇത്തരത്തിലല്ല. പല കക്ഷികളുടെ നേതാക്കൾ കൂടിച്ചേർന്നതാണ് 'രാഷ്ട്രീയ മോർച്ച'. അതിൽ വ്യക്തി

കൾക്ക് അംഗങ്ങളായി ചേരാൻ വയ്യ. നിയതമായ എന്തെങ്കിലും രാഷ്ട്രീയ തത്ത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നവരല്ല അതിലെ അംഗങ്ങൾ 'മോർച്ച'യിൽ അംഗങ്ങളായ ഏഴു പാർട്ടികൾക്കും, ഇനി അതിൽ അംഗങ്ങളാകുമെന്നു കരുതപ്പെടുന്ന മണിപ്പൂർ പീപ്പിൾസ് പാർട്ടി, പാന്തേഴ്സ് പാർട്ടി, അകാലിദൾ (ലോംഗോവാൾ ഗ്രൂപ്പ്) മുതലായവയ്ക്കും. 'അധികാരതൃഷ്ണ' എന്ന ഒരു വികാരം ഒഴിച്ചാൽ പൊതുവായി എന്തെങ്കിലും രാഷ്ട്രീയ തത്ത്വശാസ്ത്രമില്ല. 'മോർച്ച'യുടെ ഘടനയെ സ്വാധീനിക്കാനോ പ്രവർത്തനത്തെ നിയന്ത്രിക്കാനോ സാധാരണ ജനങ്ങൾക്കു യാതൊരു മാർഗവുമില്ല.

'രാഷ്ട്രീയ മോർച്ച' നാം മനസ്സിലാക്കിയ അർത്ഥത്തിൽ ഒരു രാഷ്ട്രീയപ്പാർട്ടിയല്ല. കാബൽ (cabal—ഗവൺമെന്റിനെതിരെ ഗൂഢാലോചനക്കാരുടെ ഒരു ചെറുസംഘം), കോക്കസ്സ് (caucus—സ്ഥാനാർത്ഥികളെ നിർണയിക്കാനും നയം തീരുമാനിക്കാനും മറ്റും ചേരുന്ന ഒരു പ്രാദേശിക യോഗം), ക്ലിക്ക് (clique—മറ്റുള്ളവരെ ചേർക്കാത്ത ഒരു ചെറുസംഘം), ജുണ്ട (Junta—ഒരു രാജ്യം ഭരിക്കുന്ന ചെറു ഗ്രൂപ്പ്, പ്രത്യേകിച്ചും ഭരണാധികാരം അട്ടിമറിച്ച ശേഷം. നിയമാനുസൃത ഭരണകൂടം സ്ഥാപിക്കുംമുമ്പ്) മുതലായ പേരുകളാണ് അതിനു കൂടുതൽ അനുയോജ്യമായിരിക്കുക. 'രാഷ്ട്രീയ മോർച്ച' അധികാരത്തിൽ വരുന്നപക്ഷം നിലവിലുണ്ടാവുക 'ഡെമോക്രസി' (ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന പ്രാതിനിധ്യസ്വഭാവമുള്ള ജനങ്ങളുടെ ഭരണം) ആയിരിക്കുകയില്ല. ആ ഭരണത്തെ വിവരിക്കാൻ നല്ലതു് 'ഓളിഗാർക്കി' (ചുരുക്കം ആളുകളിൽ അധികാരം നിക്ഷിപ്തമായ ഭരണരൂപം) എന്നതായിരിക്കും. ഈ വസ്തുത ഇന്നു നിലവിലുള്ള കോൺഗ്രസ് ഗവൺമെന്റിനോടുള്ള അതൃപ്തിനിമിത്തം നാം കാണാതിരിക്കരുതു്. ഒന്നര ദശാബ്ദത്തോളമായി പുതിയ അംഗങ്ങളെ ചേർക്കലും സംഘടനയിലേക്കു തിരഞ്ഞെടുപ്പുകൾ നടത്തലും ഒന്നും ഉണ്ടായിട്ടില്ലെങ്കിലും കോൺഗ്രസ് ഇന്നും പേരിനെങ്കിലും ഒരു 'പാർട്ടി'യാണ്. അതിനെ ജനകീയവല്ക്കരിക്കുക പ്രയാസമായിരിക്കാം; അസാദ്ധ്യമല്ല. എന്നാൽ, 'രാഷ്ട്രീയ മോർച്ച'യെ ഒരിക്കലും ജനകീയവല്ക്കരിക്കാനാവില്ല. ഈശ്വരനിൽ വിശ്വസിക്കുംപോലെ നിങ്ങൾക്ക് വി. പി. സിംഹിലും എൻ. ടി. ആർ. ലും ദേവീലാലിലും മറ്റും വിശ്വാസമർപ്പിക്കാം. പക്ഷേ, രാഷ്ട്രീയത്തിൽ ഇത്തരം വിശ്വാസത്തിനു പ്രസക്തിയില്ല; പ്രതേകിച്ചും ജനാധിപത്യ രാഷ്ട്രീയത്തിൽ. മതത്തിൽ വിശ്വാസം അനുപേക്ഷണീയമാണ്; രാഷ്ട്രീയത്തിൽ തെളിഞ്ഞ യുക്തിചിന്തയ്ക്കേ സ്ഥാനമുള്ളൂ.

ഏറെക്കുറെ തുല്യശക്തിയുള്ള രണ്ടു പാർട്ടികൾ നിലവിലുള്ളപ്പോഴേ നാം ആഗ്രഹിക്കുന്ന തരത്തിലുള്ള ജനാധിപത്യം ശക്തിപ്പെടുകയുള്ളൂ. കോൺഗ്രസ് പാർട്ടിയുടെ ആധിപത്യത്തിൽ അതൃപ്തിയുള്ളവർ ചെയ്യേണ്ടതു കോൺഗ്രസ് പാർട്ടിക്കെതിരായി മറ്റൊരു ജനാധിപത്യപാർട്ടിയെ വളർത്തിക്കൊണ്ടുവരികയാണ്. കോൺഗ്രസ് ഭരണം മാറ്റാൻവേണ്ടി 'രാഷ്ട്രീയ മോർച്ച'യ്ക്കു വോട്ടുകൊടുക്കുന്നതു പല്ലുവേദന മാറ്റാൻവേണ്ടി തല വെട്ടിക്കളയുന്നതിനു തുല്യമായിരിക്കും. ഇന്നുള്ള അഴിമതി ജനാധിപത്യം തൂത്തുമാറ്റാൻവേണ്ടി ജനാധിപത്യ സാദ്ധ്യതപോലും നിർമാർജനംചെയ്യലാവും അതു്. അത്തരമൊരു സ്ഥിതിവിശേഷത്തിലേക്കു നീങ്ങുംമുമ്പ് ഇന്ത്യയിലെ ബുദ്ധിജീവികളെങ്കിലും ഈ പ്രശ്നത്തെപ്പറ്റി സമഗ്രമായും ആഴത്തിലും ചിന്തിക്കണം. കോൺഗ്രസ്സിന്റെ നാമമാത്ര ഡെമോക്രസി പൊളിച്ചുകളഞ്ഞ് അതിന്റെ സ്ഥാനത്തു് 'രാഷ്ട്രീയ മോർച്ച'യുടെ 'ഓളിഗാർക്കി'യെ നാം പ്രതിഷ്ഠിക്കണമോ? അതു വിവേകമാണോ?

'കേന്ദ്രത്തിലെ കോൺഗ്രസ് ഭരണം ആദ്യം തകരട്ടെ; കാര്യക്ഷമമായ ഒരു ജനാധിപത്യസംവിധാനം പിന്നീടു തനിയെ ഉരുത്തിരിഞ്ഞുകൊള്ളും' എന്നു വിശ്വസിക്കുന്ന ശുദ്ധാത്മാക്കളുണ്ട്. അവരുടെ വിശ്വാസം അവരെ രക്ഷിക്കാൻപോകുന്നില്ല എന്നേ എനിക്കു പറയാനുള്ളൂ. പ്രാകൃതമായ അവ്യവ

സ്ഥയിൽ(കയോസ്)നിന്നു നൃത്തംചെയ്യുന്ന ഒരു നക്ഷത്രം ഉളവാകുന്നതിനെപ്പററി കാവ്യഭാഷയിൽ പറയാൻ രസമുണ്ട്. പക്ഷേ, പ്രായോഗിക രാഷ്ട്രതന്ത്രം അനുശാസിക്കുന്നതു വ്യവസ്ഥ ഒരിക്കൽ തകർന്നാൽ പിന്നെ രണ്ടാമതു് അതു പടുത്തുയർത്തുക കൃച്ഛ്രസാദ്ധ്യമാണെന്നത്രേ. വ്യവസ്ഥ തകർന്നാൽ ഉണ്ടാവുന്നതു കലാപവും പട്ടാളത്തിന്റെ ഏകാധിപത്യവും ഒക്കെയായിരിക്കും. കാരണം, രാഷ്ട്രീയപ്പാർട്ടികൾ പരാജയപ്പെട്ടാൽപ്പിന്നെ സംഘടനയും ശക്തിയുമുള്ള പട്ടാളമല്ലാതെ ആരുണ്ട് അധികാരം കൈയാളാൻ?

'രാഷ്ട്രീയ മോർച്ച' രൂപവല്ക്കരിക്കപ്പെട്ടിട്ടുള്ള. തിരഞ്ഞെടുപ്പിനുമുമ്പു പല വൈതരണികളും അതിനു കടക്കേണ്ടതുണ്ട്. ഒരു വശത്തു് ബി. ജെ. പി.യുമായും (ഒരുപക്ഷേ, മുസ്ലിംലീഗുമായും) മറുവശത്തു് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടികളുമായും ഒത്തുതീർപ്പുണ്ടാക്കാൻ 'മോർച്ച' നേതാക്കൾ ആഗ്രഹിക്കുന്നുണ്ട്. അധികാരത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവരാണ് 'മോർച്ച'യുടെ പല നേതാക്കളും. മുമ്പ് അധികാരത്തിലിരിക്കെ അവരിൽ പലരും അഴിമതിയാരോപണങ്ങൾക്കു വിധേയരായിട്ടുണ്ട്. ഇനിയങ്ങോട്ടു തിരഞ്ഞെടുപ്പിനു മുമ്പുള്ള ഒന്നരയോ രണ്ടോ വർഷക്കാലത്തേക്കു തങ്ങൾക്കിടയിൽ ഇന്നു കാണുന്ന ഐക്യം നിലനിർത്താൻ അവർക്കു കഴിയുമോ എന്നു കണ്ടുതന്നെ അറിയണം. എല്ലാ പാർലമെന്ററി നിയോജകമണ്ഡലങ്ങളിലും സർവസമ്മതരായ സ്ഥാനാർത്ഥികളെ നിർത്തി ദ്വികോണമത്സരത്തിനു് കോൺഗ്രസ്സിനെ നിർബദ്ധമാക്കാൻ മോർച്ചയ്ക്കു സാധിക്കുമോ എന്നു് ഇപ്പോൾ പറയാനാവില്ല.

അതെന്തായാലും ജനാധിപത്യരാഷ്ട്രീയത്തിൽ ദീർഘകാലത്തേക്കു ഗുണംചെയ്യുന്ന ഒരേർപ്പാടാണ് 'രാഷ്ട്രീയ മോർച്ച'യുടെ രൂപവല്ക്കരണം എന്നു തോന്നുന്നില്ല. മറിച്ച്, ജനാധിപത്യസംവിധാനത്തിന്റെ അവശേഷിച്ച ഘടകങ്ങളെക്കൂടി അപ്രസക്തങ്ങളാക്കാനും ശക്തി തുലോം കുറഞ്ഞതും അഴിമതി തുലോം കൂടിയതുമായ ഒരു ഓളിഗാർക്കി (ബഹുവ്യക്തി ഭരണം) സ്ഥാപിക്കാനുമാണ് അതു് ഉപകരിക്കുകയെന്ന് എനിക്കു തോന്നുന്നു. ഇതെന്റെ ഭയമാവാം; പക്ഷേ, ഈ ഭയം അകാരണമല്ല.

രാഷ്ട്രീയചിന്തകന്മാർ ഈ കാര്യം ചർച്ചാവിഷയമാക്കിയാൽ കൊള്ളാം. രാജീവവിരോധമോ കോൺഗ്രസ് വിരോധമോ അവരെ അന്ധരാക്കുന്നില്ലെങ്കിൽ 'രാഷ്ട്രീയ മോർച്ച' ഒരു പാർട്ടിയല്ല, മറിച്ച് ഒരു 'ജൂണ്ട' ആണെന്നും അതിന്റെ കൈയിൽവരുന്ന അധികാരം 'ഡെമോക്രസി'യായിരിക്കുകയില്ല, മറിച്ച് 'ഓളിഗാർക്കി' ആയിരിക്കുമെന്നും മനസ്സിലാക്കാൻ അവർക്കു വിഷമമുണ്ടാവില്ല.

(11 ആഗസ്റ്റ്, 1988)

# 27. രാഷ്ട്രീയപ്പാർട്ടികൾ ഇൻഡ്യയിൽ...

നല്ലതായാലും ചീത്തയായാലും ഒരു സർക്കാർ ഉണ്ടായിരിക്കുന്നതാണ് പൂർണമായ അരാജകത്വത്തെക്കാൾ എത്രയോ ഭേദം. സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതിനുശേഷമുള്ള നാലു ദശാബ്ദങ്ങളിൽ സർക്കാർ നിലവിലില്ലെന്നു തോന്നിക്കുന്ന വിധത്തിലുള്ള സംഭവപരമ്പരകൾ ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ഉണ്ടാകാതിരുന്നിട്ടില്ല. എന്നാൽ, അതിബൃഹത്തായ ഈ രാജ്യത്തിന്റെ ഏതാനും ചില മൂലകളിൽ, അതും ഒന്നോ രണ്ടോ ദിവസങ്ങളോളം മാത്രമാണ് ഇത്തരം അരാജകത്വം അഴിഞ്ഞാടിയിട്ടുള്ളതു്. അവിടെയൊക്കെ വ്യവസ്ഥാപിതഭരണം വേഗം പുനഃസ്ഥാപിക്കപ്പെട്ടു. നിയമാനുസൃത പ്രവർത്തനങ്ങൾ പഴയപടി വീണ്ടും നടപ്പിൽവന്നു. ഇന്ദിരാഗാന്ധിയുടെ വധംപോലെയുള്ള അപ്രതീക്ഷിത